# നാളികേര കർഷകരുടെ സെക്രട്ടേറിയറ്റ് മാർച്ച് മാറ്റി

കൊച്ചി: കൺസോർഷ്യം ഓഫ് കോക്കനട്ട് പ്രൊഡ്യൂസർ കമ്പനീസ് ഇൻ കേരള 2015 ജനുവരി ഏഴിന് സെക്രട്ടറിയേറ്റിനു മുന്നിൽ നടത്താനിരുന്ന മാർച്ചും ധർണയും താത്കാലികമായി മാറ്റിവച്ചു. മുഖ്യമന്ത്രി ഉമ്മൻചാണ്ടി പ്രശ്നത്തിൽ ഇടപെട്ടു നടപടികൾ കൈക്കൊണ്ടതിനെത്തുടർന്നാണു സമരം മാറ്റിവച്ചതെന്നു കൺസോർഷ്യം ചെയർമാൻ ഷാജഹാൻ കാഞ്ഞിരവിളയും സെക്രട്ടറി നാസർ പൊന്നാടും പത്രക്കുറിപ്പിൽ അറിയിച്ചു.

2013-14 ബജറ്റിൽ പത്ത് ജില്ലകളിലെ ഉത്പാദക കമ്പനികൾക്കു നൽകാമെന്നു പ്രഖ്യാപിച്ച 15 കോടി രൂപ ഉടൻ നൽകുക, നീര ടാപ്പിംഗ് ലൈസൻസിന് എക്സൈസ് കമ്മീഷണർക്ക് അപേക്ഷ നൽകിയ മുഴുവൻ ഫെഡറേഷനുകൾക്കും ലൈസൻസ് നൽകുക, പച്ചത്തേങ്ങയ്ക്ക് 35 രൂപ താങ്ങുവില തീരുമാനിക്കുകയും സംഭരണാധികാരം ഫെഡറേഷനുകൾക്കും കമ്പനികൾക്കും നൽകുകയും ചെയ്യുക, നീര ലൈസൻസ് പുതുക്കുന്നതിനുള്ള സർക്കാർ തടസം നീക്കുക, എന്നീ ആവശ്യങ്ങൾ ഉന്നയിച്ചായിരുന്നു മാർച്ചും ധർണയും നടത്താൻ നിശ്ചയിച്ചിരുന്നത്.

അപേക്ഷിച്ച എല്ലാ ഫെഡറേഷനുകൾക്കും ലൈസൻസ് നൽകാൻ തീരുമാനമായെന്നും ലൈസൻസ് പുതുക്കുന്നതിലുള്ള തടസങ്ങൾക്ക് പരിഹാരം ഉണ്ടാക്കിയെന്നും ബാക്കി എല്ലാ പരാതികൾക്കും ഉടൻ പരിഹാരം ഉണ്ടാക്കുമെന്ന് മുഖ്യമന്ത്രി ഉറപ്പു നൽകിയിട്ടുണ്ടെന്നും പത്രക്കുറിപ്പിൽ പറയുന്നു.